**തൃശ്ശൂർ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർ പേഴ്സണും ജില്ലാ മജിസ്ട്രേറ്റും കൂടിയായ ജില്ലാ കളക്ടറുടെ നടപടിക്രമം**

*(ഹാജർ - ഹരിത വി കുമാർ IAS)*

വിഷയം: തൃശ്ശൂർ ജില്ലയിലെ ഒരു വിദ്യാഭ്യാസ സ്ഥാപന ഹോസ്റ്റലിൽ നോറോ വൈറസ് രോഗബാധ സ്ഥിരീകരിച്ച സാഹചര്യത്തിൽ ജില്ലയിലെ കോളേജുകൾ, ഹോസ്റ്റലുകൾ, റെസ്റ്റോറന്റുകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

സൂചന- 1. നാഷണൽ ഇൻസ്റ്റിറ്റൂട്ട് ഓഫ് വൈറോളജി ആലപ്പുഴയിൽ നിന്നുള്ള 29.11.2021 ലെ റിപ്പോർട്ട്.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) തൃശ്ശൂരിന്റെ 29.11.2021 ലെ സി2/24091/2021/ജി.മെ.ആ നമ്പർ കത്ത്.

**ഉത്തരവ് നമ്പർ - DCTSR/ 10228/ 2021-H4 തിയതി.30.11.2021**

തൃശ്ശൂർ ജില്ലയിലെ ഒരു വിദ്യാഭ്യാസ സ്ഥാപന ഹോസ്റ്റലിൽ സൂചന 1 പ്രകാരം നോറോ വൈറസ് രോഗബാധ സ്ഥിരീകരിച്ചിട്ടുള്ള സാഹചര്യത്തിലും ആയതിന്മേൽ സൂചന 2 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാനും ജില്ലാ മജിസ്ട്രേറ്റും, ജില്ലാ കളക്ടറുമായ *ഹരിത വി കുമാർ* ഐ എ എസ് എന്ന ഞാൻ എന്നിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് നോറോ വൈറസ് രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതിലേയ്ക്ക് ജില്ലയിലെ കോളേജുകൾ, ഹോസ്റ്റലുകൾ, മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ അവയുമായി ബന്ധപ്പെട്ട ഹോസ്റ്റലുകൾ, ജില്ലയിലെ റെസ്റ്റോറന്റുകൾ, എല്ലാ തരത്തിലുമുള്ള ഹോട്ടലുകൾ, ഭക്ഷണം വിതരണം ചെയ്യുന്ന വഴിയോര തട്ടുകടകൾ, സർക്കാർ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട കാന്റീനുകൾ എന്നിവിടങ്ങളിൽ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ താഴെ പറയും വിധം പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവാകുന്നു.

1. ജില്ലയിലെ കോളേജുകളിലെയും, ഹോസ്റ്റലുകളിലെയും കിണറുകൾ ആരോഗ്യ വകുപ്പിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം ക്ലോറിനേറ്റ് ചെയ്ത് ശുദ്ധീകരിച്ച് ഉപയോഗിക്കേ-ണ്ടതാണ്.

2. കുടിക്കുവാൻ തിളപ്പിച്ച് ആറിയ വെള്ളം മാത്രം ഉപയോഗിക്കുക.

4. ഹോസ്റ്റലിലെ പാത്രങ്ങൾ,ഭക്ഷണം എന്നിവ പരസ്പരം പങ്കുവെക്കാതിരിക്കുക,ബുഫേ സംവിധാനം ഒഴിവാക്കുക,ഭക്ഷണത്തിനു മുൻപും,മലമൂത്ര വിസർജ്ജനത്തിന് ശേഷവും കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകുക,വ്യക്തി ശുചിത്വം പാലിക്കുക.

5. പഴങ്ങൾ ,പച്ചക്കറികൾ എന്നിവ വൃത്തിയായി കഴുകി പാകം ചെയ്തതിനു ശേഷം മാത്രം ഉപയോഗിക്കുക.

6.ഹാൻഡ് വാഷിംഗ്,ടോയ് ലറ്റ് എന്നീ സ്ഥലങ്ങളിൽ ഹാൻഡ് വാഷ് നിർബന്ധമായും വെക്കേണ്ടതാണ്.

7. ഹോസ്റ്റലുകൾ, കോളേജുകൾ, റെസ്റ്റോറന്റുകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിലെ വാട്ടർ ടാങ്കുകൾ പൂർണ്ണമായും ശുചീകരിച്ചതിനു ശേഷം മാത്രം വെള്ളം ശേഖരിക്കേണ്ടതാണ്.

8. കോളേജിലും ,ഹോസ്റ്റലിലും മെസ്സ്,കാന്റീൻ എന്നവിടങ്ങളിലെ സ്റ്റാഫിന് ഹെൽത്ത് കാർഡ് ഉണ്ടായിരിക്കേണ്ടതാണ്.

9. രോഗ ലക്ഷണങ്ങൾ കാണുന്ന പക്ഷം ഉള്ള വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതുന്നതിന് പ്രത്യേകം മുറി ഏർപ്പെടുത്തേണ്ടതാണ്.

10. ഹോസ്റ്റലുകളിൽ രോഗ ലക്ഷണങ്ങൾ ഉള്ള കുട്ടികളെ ഐസോലെറ്റ് ചെയ്ത് അവർക്ക് പ്രത്യേക മുറി,ടോയ് ലെറ്റ് എന്നിവ ഒരുക്കുകയും, പ്രതലങ്ങൾ വൃത്തിയാക്കുന്നതിന് ബ്ലീച്ചിംഗ് ലായനി ഉപയോഗിക്കേണ്ടതുമാണ്.

കൂടാതെ ജില്ലയിലെ വിവിധ തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകൾ / താമസ സ്ഥലങ്ങൾ എന്നിവിടങ്ങളിലും മേൽ പ്രസ്താവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ബന്ധപ്പെട്ടവർ ഉറപ്പു വരുത്തേണ്ടതാണ്.

*മേൽ ഉത്തരവുകൾ ലംഘിക്കുന്നവർക്കെതിരെ 1897 ലെ പകർച്ചവ്യാധി നിയന്ത്രണ നിയമം അനുസരിച്ചും 1875 ലെ പൊതുജനാരോഗ്യ നിയമപ്രകാരവും 2005 ലെ ദുരന്ത നിവാരണ നിയമപ്രകാരവും നിയമനടപടികൾ സ്വികരിക്കുന്നതാണ്.*

***(2021 നവംബർ 30)ാം തിയതി എന്റെ കൈയ്യൊപ്പോടു കൂടി ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു)***

ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ &
ജില്ലാ മജിസ്ട്രേറ്റ് & ജില്ലാ കളക്ടർ, തൃശ്ശൂർ

പകർപ്പ്:

1. മേയർ, തൃശ്ശൂർ കോർപ്പറേഷൻ
2. ജില്ലയിലെ എല്ലാ എം.എൽ. എ മാർക്കും,എംപിമാർക്കും
3. പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് തൃശ്ശൂർ
4. പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ് (ദുരന്തനിവാരണം) തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
5. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യവകുപ്പ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
6. കമ്മീഷണർ, ദുരന്ത നിവാരണം തിരുവനന്തപുരം
7. ജില്ലാ പോലീസ് മേധാവി തൃശ്ശൂർ റൂറൽ / തൃശ്ശൂർ സിറ്റി (ബന്ധപ്പെട്ട സ്റ്റേഷൻഹൌസ് ആഫീസർമാരെ അറിയിച്ച് നടപടി സ്വീകരിക്കേണ്ടതിലേയ്ക്ക്)
8. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തൃശ്ശൂർ
9. ഡെപ്യൂട്ടി ഡയറക്ടർ ,കൊളേജിയറ്റ് എഡ്യൂക്കേഷൻ, പാലസ് റോഡ്,തൃശ്ശൂർ.
10. എല്ലാ താലൂക്ക് തഹസിൽദാർമാർക്കും(അറിവിലേക്കും തുടർനടപടികൾക്കുമായി)
11. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് തൃശ്ശൂർ (ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിച്ച് തുടർനടപടികൾക്കായി)
12. ജില്ലാ ലേബർ ഓഫീസർ,തൃശ്ശൂർ
13. ഡെപ്യൂട്ടി കളക്ടർ ഡിസാസ്റ്റർ മാനേജ്മെൻറ്,കളക്ടറേറ്റ് , തൃശ്ശൂർ
14. അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിൻെറ സി എ യ്ക്ക്
15. സെക്രട്ടറി തൃശ്ശൂർ കോർപ്പറേഷൻ
16. എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും
17. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ (അനന്തര നടപടികൾക്കായി)
18. ജില്ലാ വിദ്യാഭ്യാസ ഓഫീസർ,തൃശ്ശൂർ
19. ഡിഎഫ്ഒ ചാലക്കുടി,തൃശ്ശൂർ
20. ജില്ലാ ഇൻഫർമേഷൻ ആഫീസർ തൃശ്ശൂർ (മേൽ വിഷയം സംബന്ധിച്ച് മാധ്യമങ്ങളിൽ പ്രസിദ്ധികരിക്കുന്നതിനായി )
21. ജില്ലാഇൻഫർമാറ്റിക്സ് ആഫീസർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
22. സ്റ്റോക്ക് ഫയലിലേക്ക്.